**അക്കൗണ്ട് പേയീ ചെക്കുകളുടെ ശേഖരണം-**

**മൂന്നാം പാർട്ടി അക്കൗണ്ടിലേയ്ക്ക് പണം**

**വരവുവയ്ക്കുന്നതിന് നിരോധന**

**2006 ജനുവരി 23**

അടുത്തിടെയായി ചില വ്യക്തികൾ/സ്ഥാപനങ്ങൾ പ്രാരംഭപൊതുസമർപ്പണം (ഇനിഷ്യൽ പബ്ലിക് ഓഫർ - ഐ.പി.ഒ) ദുരുപയോഗം ചെയ്യുന്നതിതായി കണ്ടതിന്റെയും ഇക്കാര്യത്തിൽ സെക്യൂരിറ്റീസ് ആന്റ് എക്സ്ചെയ്ഞ്ച് ബോർഡ് ഓഫ് ഇന്ത്യ (എസ്.സി.ബി.ഐ) യുടെ റിപ്പോർട്ടിന്റെയും വെളിച്ചത്തിൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ ചില ബാങ്കുകളിൽ വ്യവസ്ഥയെ ദുരുപയോഗം ചെയ്യാൻ പലരും കൈക്കൊള്ളുന്ന രീതികൾ മനസ്സിലാക്കാൻ വിശദമായ അന്വേഷണങ്ങൾ നടത്തി. നിലവിലുള്ള നിർദ്ദേശങ്ങൾ ഇരിക്കെ തന്നെ ബാങ്കുകൾ വ്യക്തിഗത അക്കൗണ്ട് പേയീ തിരിച്ചുനൽകൽ ഉത്തരവുകൾ മുഖാന്തിരം ഉള്ള പണം ഡി.പി സംഭംരകൻമാരുടെ സഹായികളുടെ അഭ്യർത്ഥന അനുസരിച്ച് വ്യക്തിഗത അക്കൗണ്ടിലേയ്ക്ക് പോകാതെ ദല്ലാൾമാരുടെ അക്കൗണ്ടിലേയ്ക്ക് വകകൊള്ളിക്കുന്നതായി നിരീക്ഷിക്കപ്പെട്ടു. ഇത് പണം നൽകൽ ശ്രമത്തെ ദുരുപയോഗം ചെയ്യുന്നതിനും ക്രമക്കേടുകൾ നടത്തുന്നതിനും സൗകര്യമാകുന്നു. ബാങ്കുകൾ അക്കൗണ്ട് പേയീ ചെക്കുകളുടെ ശേഖരണ ത്തിനുള്ള നടപടി ക്രമങ്ങളിൽ നിന്നും വ്യതിചലിച്ചില്ലായിരുന്നെങ്കിൽ ഈ തിരിമറി നടക്കില്ലായിരുന്നു. ഇത്തരം വ്യതിചലനങ്ങളെ വിവേകപൂർവ്വമുള്ള കമ്പോളപെരുമാറ്റമായി കണക്കാക്കി ന്യായീകരിക്കാനും കഴിയില്ല. കാരണം, അവ ബാങ്കുകൾക്ക് പലതരം അപകടങ്ങൾ വരുത്തി വയ്ക്കാനുള്ള സാധ്യതയുണ്ട്.

അക്കൗണ്ട് പേയീ ചെക്ക് അതിൽ രേഖപ്പെടുന്ന വ്യക്തിയുടെ പേരിൽ അല്ലാതെ മറ്റാരുടെയെങ്കിലും പേരിൽ വരവ് വയ്ക്കുന്നതിൽ നിന്ന് ബാങ്കുകളെ വിലക്കേണ്ടത് അത്യാവശ്യമാണെന്ന് റിസർവ് ബാങ്ക് കരുതുന്നു. അതുകൊണ്ട് അക്കൗണ്ട് പേയീ ചെക്കുകൾ അവയിൽ പേരെടുത്തുപറഞ്ഞ വ്യക്തികളുടെ പേരിലല്ലാതെ ശേഖരണം നടത്തി വരവ് വയ്ക്കരുത് എന്ന് റിസർവ് ബാങ്ക്, ബാങ്കുകൾക്ക് നിർദ്ദേശം നൽകിയിരിക്കുന്നു

ഇത് സംബന്ധിച്ച സർക്കുലർ ആർ.ബി.ഐ വെബ്സൈറ്റിൽ (www.rbi.org.in) ഉൾപ്പെടുത്തിയിട്ടുണ്ട്.

പി വി സദാനന്ദൻ
കാര്യദർശി

പത്രക്കുറിപ്പ് 2005-2006/928